DISTRICT INSTITUTE OF EDUCATION AND TRAINING (DIET), WAYANAD

PO.SULTHAN BATHERY PH:04936220790

E-Mail:dietwayanad@gmail.com Web: dietwayanad.org

# പ്രവർത്തന 'സാഫല്യ'വുമായി വയനാട് ഡയറ്റ്

പത്താം ക്ലാസ് ജയിക്കുക എന്നത് എല്ലാവരുടെയും അഭിലാഷമാണ്.പലവിധകാരണങ്ങളാൽ പത്താം ക്ലാസ് പഠനം പൂർത്തീകരിക്കാൻ കഴിയാതെ പോയ നിരവധി പേർ വയനാട് ജില്ലയിലു ്.ഇവരിൽ പലർക്കും പത്താം ക്ലാസ് സർട്ടിഫിക്കറ്റ് ജോലിതുടങ്ങിയ കാര്യങ്ങൾക്ക് ആവശ്യമാണ്.മുഴുവൻ പേർക്കും പത്താം ക്ലാസ് തുല്യതാ സർട്ടിഫിക്കറ്റ് ലഭിക്കുക എന്നത് മഹത്തായൊരു സ്വപ്നമാണല്ലോ? ഈ സ്വപ്നസാക്ഷാത്കാരത്തിനായി വയനാട് ഡയറ്റ് 'സാഫല്യം' എന്നൊരു കർമ്മപദ്ധതി ഈവർഷം മുതൽ നടപ്പിലാക്കി. ജില്ലാസാക്ഷരതാമിഷൻ,ജില്ലാ പഞ്ചായത്ത്,വിദ്യാഭ്യാസവകുപ്പ്,ലൈബ്രറി കൗൺസിൽ,സന്നദ്ധസംഘടനകൾ തുടങ്ങി എല്ലാവരുടെയും സഹകരണത്തോടെയാണ് 'സാഫല്യം' നടപ്പിലാക്കിയത്

'പഠനം മുടങ്ങിയവർക്കും പത്താം ക്ലാസ് വിജയിക്കാൻ സുവർണാവസരം' എന്ന മുദ്രാവാക്യത്തോടെ കേരളസംസ്ഥാന സാക്ഷരതാമിഷനും പൊതുവിദ്യാഭ്യാസവകുപ്പും ചേർന്നു നടത്തുന്ന 'പത്താം തരം തുല്യതാപരീക്ഷ'യുടെ നടത്തിപ്പിന് കൂടുതൽ കരുത്തും പ്രചാരവും ഗതിവേഗവും നൽകുന്നതിനുള്ള സമഗ്രപിന്തുണാപരിപാടികളാണ് 'സാഫല്യം'. ഡയറ്റിലെ തുടർവിദ്യാഭ്യാസ ഫാക്കൽറ്റിയായ ശ്രീമതി സി.വി സുജാതയുടെ നേതൃത്വത്തിലാണ് പദ്ധതി നടപ്പിലാക്കിയത്. 2012-13 ൽ ഡയറ്റിന്റെ നേതൃത്വത്തിൽ തുല്യതാപഠിതാക്കൾക്കായി തയ്യാറാക്കിയ 'വിദ്യാശ്രീ' എന്ന പഠനസഹായിക്ക് ലഭിച്ച സ്വീകാര്യതയും പ്രാദേശികമായി പഠിതാക്കളുടെ നേതൃത്വത്തിൽ നടത്തി യ പഠനക്യാമ്പുകളിലൂടെ നേടിയ വിജയശതമാനവുമാണ് നിലവിലുള്ള എല്ലാ സാധ്യതകളെ യും കോർത്തിണക്കി സംസ്ഥാനത്തിനു തന്നെ മാതൃകയാവുന്ന വിപുലമായ പ്രവർത്തന പരിപാടിക്ക് ഡയറ്റിന് പ്രചോദകമായത്.

2014 സെപ്തംബറിൽ നടന്ന ഈ വർഷത്തെ 'പത്താം ക്ലാസ് തുല്യതാ പരീക്ഷ യ്ക്ക്' വർഷാരംഭത്തിൽത്തന്നെ ഡയറ്റ് മുന്നൊരുക്കങ്ങൾ ആരംഭിച്ചിരുന്നു.കഴിഞ്ഞ വർഷത്തെ പരീക്ഷാവലോകനം, നിരന്തരമൂല്യനിർണയ സംഘാടനത്തെക്കുറിച്ച് പരിശീലകരുടെ ശില്പശാല, ജില്ലാ കോർഗ്രൂപ്പ് രൂപീകരണം എന്നിവ നടത്തി.

ഈ വർഷത്തെ പഠനം,പരിശീലനം, പരീക്ഷ, മോണിറ്ററിംഗ് എന്നിവയിൽ സൂക്ഷ്മതലത്തിൽ ഇടപെടുകയും ഇതിലൂടെ ലഭിക്കുന്ന ദീർഘകാല പ്രവർത്തനപരിപാടികൾ നടപ്പിലാക്കുകയും ചെയ്യുന്ന ര ു തലത്തിലുള്ള കർമ്മപദ്ധതികളാണ് സാഫല്യത്തിൽ ഉൾപ്പെടുത്തിയത്. സംസ്ഥാനത്ത് പത്താം ക്ലാസ് തുല്യതാ രംഗത്ത് മറ്റൊരു ഡയറ്റും നടത്തിയിട്ടില്ലാത്ത നൂതന ആശയങ്ങളാണ് വയനാട് ഡയറ്റ് ഇതിലൂടെ പ്രവൃത്തി പഥത്തിലെത്തിച്ചത്.

വയനാട് ജില്ലയിൽ ഈ വർഷം തുല്യതാ പരീക്ഷ എഴുതാൻ തയ്യാറെടുക്കുന്ന 750 പഠിതാക്കൾക്കും പരീക്ഷയെ അഭിമുഖീകരിക്കാൻ ആത്മവിശ്വാസമു ാക്കുന്ന ത്രിദിന പരിശീലനം പ്രഗത്ഭരായ അധ്യാപകരുടെ നേതൃത്വത്തിൽ നടത്തി. ഈ പരിശിലനമായിരുന്നു 'സാഫല്യ'ത്തിലെ വിപുലമായ ഒരിനം. അതിലൂടെ ഉയർന്ന ഗ്രേഡ് നേടാനും ഉന്നതവിജയം കൈവരിക്കുവാനും പഠിതാക്കൾക്ക് കഴിഞ്ഞു. ജൂലൈ 3,5 തീയതികളിലായി ഇതിനാവശ്യമായ അധ്യാപകർക്കു പരിശീലനം നൽകി. ജില്ലയിലെ 25 സമ്പർക്ക പഠനകേന്ദ്ര ങ്ങളിലെ പഠിതാക്കൾ എട്ടു കേന്ദ്രങ്ങളിൽ 13 ബാച്ചുകളായി നടന്ന പരിശീലനത്തിൽ പങ്കെടുത്തു

പരീക്ഷാരീതി പരിചയപ്പെടുത്തുന്നതിനുള്ള മാതൃകാ ചോദ്യപ്പേർ ഡയറ്റിന്റെ വെബ്സൈറ്റിൽ നൽകുകവഴി പഠിതാക്കൾക്ക് വീട്ടിൽ ഇരുന്ന് പരീക്ഷ എഴുതി പരിശീലിക്കാൻ കഴിഞ്ഞു. ജില്ലാ കോർ ഗ്രൂപ്പ് പ്രവർത്തനം ശക്തമാക്കൽ, പ്രാദേശിക പഠനക്കൂട്ടങ്ങൾ രൂപീകരിക്കൽ,ഗ്രാമീണ വായനശാല കളും തുല്യതാപ്രവർത്തനങ്ങളും തമ്മിൽ ബന്ധപ്പെടുത്തൽ, പിയർഗ്രൂപ്പ് തന്ത്രം പ്രയോജനപ്പെടുത്തൽ,മോണിറ്ററിംഗ് കാര്യക്ഷമമാക്കൽ എന്നിവയാണ് തുടർന്നുള്ള പരിപാടികൾ.അടുത്ത വർഷം കൂടുതൽ പേരെ ക ത്തി തുല്യതാ പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്യിക്കുന്നതിനുള്ള വിപുലമായ ക്യാമ്പയിൻ പ്രവർത്തനങ്ങൾ നടത്തും.

'സാഫല്യം'പ്രവർത്തനപരിപാടിയുടെ ഔദ്യോഗിക പ്രഖ്യാപനം ജൂലൈ 20 ന് ബത്തേരി സർവജന ഹയർസെക്കന്ററി സ്കൂളിൽ വെച്ച് ജില്ലാപഞ്ചായത്ത് പ്രസിഡന്റ് ശ്രീ.എൻ.കെ. റഷീദ് നിർവഹിച്ചു. തുടർന്ന് ചിട്ടയായ പ്രവർത്തനങ്ങൾ നടന്നു.

ശാസ്ത്രീയമായ ഈ ഇടപെടലുകളിലൂടെയാണ് പത്താം ക്ലാസ് തുല്യതാ വിജയ ശതമാനം 94.5 ശതമാനത്തിലെത്തിക്കാൻ കഴിഞ്ഞത്. പരാജയപ്പെട്ടവരാകട്ടെ മുഴുവൻ പരീക്ഷയും എഴുതാത്തവരാണ്. വിജയികളെ ഡയറ്റ് പ്രിൻസിപ്പാൾ ഡോ. എം.വി മുകുന്ദൻ തുടർ വിദ്യാഭ്യാസ ഫാക്കൽറ്റി സി.വി. സുജാത, ഡയറ്റ് അധ്യാപകരായ എം.എ.ശശി, കെ.എം.സെബാസ്റ്റ്യൻ, ടി.ആർ.ഷീജ എന്നിവർ അനുമോദിച്ചു.

സംസ്ഥാനത്ത് തന്നെ വയനാട് ജില്ലയ്ക്ക് പത്താംതരം തുല്യതയിൽ ഒന്നാം സ്ഥാനം നേടാൻ ശാസ്ത്രീയമായ ഈ പ്രവർത്തനങ്ങൾക്ക് കഴിഞ്ഞു.

സുൽത്താൻബത്തേരി

21/11/2014